പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1609

05.02.2019-ൽ മറുപടിക്ക്

## കോർപ്പറേഷനുകളുടെ പദ്ധതി നിർവ്വഹണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.മുരളീധരൻ | | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | 2018-19 വർഷത്തെ പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാനത്തെ അഞ്ച് കോർപ്പറേഷനുകൾ എത്ര ശതമാനം തുക ഡിസംബർ 31 വരെ ചെലവഴിച്ചു; | എ) | 2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതി നിർവ്വഹണത്തിൽ സംസ്ഥാനത്തെ കോർപ്പറേഷനുകൾ ചെലവഴിച്ചത്:<br><br>തിരുവനന്തപുരം - 37.34<br>കൊല്ലം - 38.72<br>കൊച്ചി - 45.36<br>തൃശ്ശൂർ - 35.24<br>കോഴിക്കോട് - 45.36<br>കണ്ണൂർ - 41.47 |
| ബി) | 2018-19 പദ്ധതി വിഹിതമായി തിരുവനന്തപുരം കോർപ്പറേഷന് എന്ത് തുകയാണ് അനുവദിച്ചത്; | ബി) | തിരുവനന്തപുരം നഗരസഭ ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പിനായി 2018-19 സാമ്പത്തിക വർഷം 328.28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| സി) | തിരുവനന്തപുരം കോർപ്പറേഷനിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ കാര്യക്ഷമതയില്ലായ്മ കാരണം തിരുവനന്തപുരം കോർപ്പറേഷൻ പദ്ധതി നടത്തിപ്പിൽ വളരെ പിന്നിലായി എന്നത് വസ്തുതയാണോ; എങ്കിൽ പ്രസ്തുത കാര്യത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ടോ; | സി) | തിരുവനന്തപുരം നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ആകെ 1997 പദ്ധതികളാണുള്ളത്. അതിന്റെ പ്രവർത്തനങ്ങൾ നടത്തി വരുകയാണ്. മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ടെണ്ടർ നടപടികൾ നടത്തി വർക്കുകൾ നടന്നു വരികയാണ്. എന്നിരുന്നാലും നാളിതുവരേയും നിർവ്വഹണത്തിൽ 25% താഴെ ചെലവഴിച്ചിട്ടുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കാരണംകാണിക്കൽ നോട്ടീസുകൾ നൽകിയിട്ടുള്ളതാണ്. |

| | |
|---|---|
| ഡി) പ്രസ്തുത നോട്ടീസിന് അവരിൽ നിന്നും ലഭിച്ച വിശദീകരണം എന്താണ്; വിശദാംശം നൽകാമോ? | ഡി) പ്രവൃത്തികൾക്കുള്ള മെറ്റീരിയൽസ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതും, ടെണ്ടർ ചെയ്യുമ്പോൾ എല്ലാ വർക്കുകൾക്കും ടെണ്ടർ ലഭിക്കാത്തതിനാൽ, റീ-ടെണ്ടർ, ഓഫർ എന്നിവ ക്ഷണിച്ച് നടപടികൾ സ്വീകരിച്ചു വരുന്നതിനാലുമാണ് യഥാസമയം പണികൾ പൂർത്തിയാക്കാൻ സാധിക്കാത്തത് എന്ന വിശദീകരണമാണ് ലഭിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ